<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ 669 — 06-02-2013 - ൽ മറുപടിയ്ക്ക്

<u>സായൂജ്യം ഭൂവികസന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>" ലൂഡി ലൂയിസ്<br>" ആർ. സെൽവരാജ്<br>" ഷാഫി പറമ്പിൽ | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സായൂജ്യം ഭൂവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ_; | (എ) | സംസ്ഥാനത്തെ ചെറിയ ടൗണുകളിലും, ഗ്രാമങ്ങളിലും, ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ ലഭ്യമാക്കുക എന്നതാണ് സായൂജ്യം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഉണ്ട്. 12.12.2012 -ലെ സ.ഉ. (എം.എസ്) നം.74/2012/ഭവനം ഉത്തരവിലൂടെ കാസർഗോഡ് മാധൂറിലും (27 പ്ലോട്ടുകൾ) കോട്ടയത്ത് അയർകുന്നത്തും(12 പ്ലോട്ടുകൾ) ബോർഡിന്റെ ഉടമസ്ഥയിലുള്ള ഭൂമിയിൽ സായൂജ്യം ഭൂ-വികസന പദ്ധതികൾ നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ചെറിയ നഗരങ്ങളിലും ഗ്രാമങ്ങളിലും ഇടത്തരക്കാർക്ക് കുറഞ്ഞ വിലയ്ക്ക് പ്ലോട്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) യും (ഡി) യും | പദ്ധതി ഭൂമിയിൽ ആവശ്യമായ വികസന പ്രവർത്തികളായ ഭൂമിമണ്ണിട്ടുയർത്തൽ / നിരപ്പാക്കൽ, താങ്ങ്മതിൽ, റോഡ്, ഓട, കലുങ്ക് എന്നിവയുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ച് പ്ലോട്ടുകളായി തിരിച്ച് വീട് നിർമ്മാണത്തിനുപയുക്തമാകും വിധം ഭൂമി വികസിപ്പിച്ചാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. |

(ഡി) ഇതിൻെറ ഗുണഭോക്താക്കളെ കണ്ടെത്തുന്നതെങ്ങനെ ;

വീട് നിർമ്മാണത്തിനായി പ്ലോട്ടുകളും ആവശ്യമുള്ളവരും പ്ലോട്ടിൻെറ വിൽപ്പനവില ബോർഡിൽ മുൻ-കൂറായി അടയ്ക്കാൻ തയ്യാറുള്ളവരുമായ ഇടത്തരം വരുമാനക്കാരാണ് (MIG) പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഗുണഭോക്താക്കളെ കണ്ടെത്തി അവരിൽ നിന്നും വിൽപ്പനവില ഘട്ടങ്ങളിലായി മുൻകൂറായി സ്വീകരിച്ചുകൊണ്ടു പദ്ധതി നടപ്പിലാക്കുന്ന-തിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ പത്രപരസ്യത്തിലൂടെ/ഹൗസിംഗ് ബോർഡിൻെറ വെബ് സൈറ്റിലൂടെയും പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു-വരുന്നതും താൽപര്യമുള്ള ഉപഭോക്താക്കളെ ബോർഡ് നിശ്ചയിക്കുന്ന upset price പ്രകാരം പൊതുലേലം/ക്വട്ടേഷൻ നടപടി-ക്രമങ്ങളിലൂടെ കണ്ടെത്തുന്നതുമാണ്.

(ഇ) പ്ലോട്ടുകൾ വാങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഇ) പദ്ധതിയ്ക്കായി കണ്ടെത്തുന്ന ഉപഭോക്താക്കളുമായി ഉഭയകക്ഷി കരാറിൽ ഏർപ്പെട്ട് വിൽപ്പന വിലയുടെ 80% തുക പദ്ധതി തുടങ്ങുന്നതിനു മുമ്പായി സമാഹരിക്കുന്നതാണ്. ബാക്കി തുക 10% വീതമുള്ള രണ്ടു തവണകളായി 2 മാസത്തിലൊരിക്കൽ വീതം (പദ്ധതി കാലയളവ് 4 മാസം) ഈടാക്കുന്നതാണ്. ആയതിനാൽ വിൽപ്പനവില അടയ്ക്കുവാൻ ഉപഭോക്താവിന് സാവകാശം ലഭ്യമാകുന്നതാണ്. വീട് നിർമ്മാണത്തിനായി സജ്ജമാക്കിയ പ്ലോട്ടുകളാണ് ഉപഭോക്താവിന് ലഭ്യമാകുന്നത്. ഉപഭോക്താ-വിൻെറ ആവശ്യാർത്ഥം ഈ പ്ലോട്ടുകളിലുള്ള കെട്ടിടനിർമ്മാണം, ഡെപ്പോസിറ്റ് വർക്കായോ മറ്റു രീതികളിലോ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിനും ടി ജോലികൾ ഹൗസിംഗ് ബോർഡിൻെറ കൺസൾട്ടൻസി വർക്കായി, കൺസൾട്ടൻസി ഫീസ് നിശ്ചയിച്ച് ഏറ്റെടുത്ത് നടത്തുവാനും സൗകര്യമുണ്ടാകും.

സെക്ഷൻ ഓഫീസർ